"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.രാജഗോപാലൻ.ടി.പി ഫയൽ ചെയ്ത ഒഎ(ഇകെഎം) നം. 1929/2023 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 24.01.2024 തീയതിയിലെ ഉത്തരവ് - അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.969/2024/H&FWD തീയതി,തിരുവനന്തപുരം, 05-04-2024

---

പരാമർശം:-

1. ഡോ.രാജഗോപാലൻ.ടി.പി ഫയൽ ചെയ്ത ഒഎ(ഇകെഎം) നം. 1929/2023 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 24.01.2024 തീയതിയിലെ ഉത്തരവ്
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.03.2024 തീയതിയിലെ ആവഡ/7288/2024-ഇആർ1 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ, മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജനായിരുന്ന ഡോ.രാജഗോപാലൻ.ടി.പി, തൃശ്ശൂർ മുളങ്കുന്നത്തുകാവ് നെഞ്ചുരോഗാശുപത്രിയിലേക്ക് സ്ഥലമാറ്റം നൽകുന്നതിനായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒഎ(ഇകെഎം) 1929/2023 നമ്പർ ആയി കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഒഎ യിന്മേലുള്ള പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ Annexure A11 സംബന്ധിച്ച് പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർകക്ഷിക്ക് ബഹു.ട്രിബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

2. 2023 പൊതുസ്ഥലംമാറ്റത്തിൽ ഡോ രാജഗോപാലൻ താഴെപ്പറയുന്ന സ്ഥലങ്ങളിലേക്കാണ് ഓപ്ഷൻ നൽകിയിരുന്നത്.

1) സി.എച്ച്.സി.മുല്ലശ്ശേരി
2) സി.എച്ച്.സി.വെള്ളാനിക്കര
3) സി.എച്ച്.സി വാടാനപ്പള്ളി
4) സി.എച്ച്.സി കാട്ടൂർ

ടിയാൻ സമർപ്പിച്ച അപേക്ഷയിൽ മുളംകുന്നത്ത്കാവ് നെഞ്ചുരോഗാശുപത്രി ഓപ്ഷനായി വച്ചിരുന്നില്ല. ടിയാൻ സമർപ്പിച്ച അപേക്ഷയിലെ ഒന്നാമത്തെ ഓപ്ഷൻ പരിഗണിച്ചാണ് ടിയാന് CHC മുല്ലശ്ശേരിയിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നത്. പൊതുസ്ഥലംമാറ്റത്തിലെ

മാനദണ്ഡങ്ങൾ പ്രകാരം ജീവനക്കാരന്റെ അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ച സ്ഥലത്തു മൂന്ന് വർഷം ജോലി ചെയ്യേണ്ടത് അനിവാര്യമാണ്. ഡോ രാജഗോപാലൻ ടി പി യുടെ അപേക്ഷ പരിഗണിച്ച് ടിയാന് മുളംകുന്നത്ത്കാവ് നെഞ്ചുരോഗാശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകിയാൽ അതേ ആനുകൂല്യം നൽകുവാൻ മറ്റ് ജീവനക്കാരും അവകാശവാദം ഉന്നയിക്കും. ആയതിനാൽ ശ്രീ രാജഗോപാലൻ ടി പി യുടെ ആവശ്യം നിരസിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ 12.03.2024 ലെ സ.ഉ(സാധാ) നം.744/2024/ആകുവ പ്രകാരം ആരോഗ്യ വകുപ്പിൽ പൊതു സ്ഥലംമാറ്റത്തിന് സർക്കാർ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ ആയതിൻ പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ രാജഗോപാലൻ സമർപ്പിച്ച അപേക്ഷയിൽ മുളംകുന്നത്ത്കാവ് നെഞ്ചുരോഗാശുപത്രി ഓപ്ഷനായി വച്ചിരുന്നില്ല എന്നതിനാലും ആരോഗ്യ വകുപ്പിൽ പൊതു സ്ഥലംമാറ്റത്തിന് നടപടികൾ സ്വീകരിച്ച് വരുന്നതിനാലും ഡോ രാജഗോപാലൻ ടി പി യുടെ OA(EKM) 1929/2023 ലെ ആവശ്യം നിരസിച്ച് കൊണ്ട് പ്രസ്തുത OA യിന്മേലുള്ള 24.01.2024 ലെ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ.രാജഗോപാലൻ.ടി.പി, സിവിൽ സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
ANUPAMA G NAIR
Date: 05-04-2024 17:05:47
സെക്ഷൻ ഓഫീസർ

ആ.വ.ഡ./7288/2024/ഇ.ആർ.1. തീ. 9/04/2024

സർക്കാർ ഉത്തരവിന്റെ പകർപ്പ് തുടർനടപടികൾക്കായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി